Draft #2 of File 95337/AC A15-1/2024/AC A15 Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Mar-2025 11:30 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പി എച്ച് ഡി പ്രോഗ്രാം - ഗവേഷണ പ്രബന്ധം മലയാളത്തിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 15 സെക്ഷൻ**

നമ്പർ. 2879/AC A15/2025/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 26.03.2025

---

*പരാമർശം:*-21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 56/25.02/95337/AC A15-1/2024

**ഉത്തരവ്**

വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തി വരുന്ന ഗവേഷകർക്ക്, തങ്ങളുടെ ഗവേഷണ പ്രബന്ധം അവർ താത്പ്പര്യപ്പെടുന്ന പക്ഷം മലയാളത്തിൽ തയ്യാറാക്കി സമർപ്പിക്കുവാൻ അനുമതി തേടിക്കൊണ്ട് ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ, മഹാത്മാഗാന്ധി സർവ്വകലാശാല അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരുന്നു.

21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം താഴെ പ്രകാരം പറയും തീരുമാനിച്ചിരിക്കുന്നു.

1. മഹാത്മാ ഗാന്ധി സർവ്വകലാശാല പിഎച്ച്.ഡി. റെഗുലേഷൻ പ്രകാരം മാർഗദർശി, 12 പ്രബന്ധ പരിശോധകരുടെ പാനൽ തയ്യാറാക്കുമ്പോൾ 6 മൂല്യകർത്താക്കളെങ്കിലും കേരളത്തിന് പുറത്തുനിന്നുള്ളവരായിരിക്കണം എന്ന വ്യവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ മലയാളത്തിൽ തയ്യാറാക്കുന്ന പ്രബന്ധങ്ങളുടെ മൂല്യനിർണയ നടപടികൾ സങ്കീർണമായ സാഹചര്യം ഉടലെടുക്കുന്നതിനാലും,
2. ഭാഷാ വിഷയങ്ങളിൽ ഒഴികെയുള്ള പ്രബന്ധങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കപ്പെടുന്നവയാകയാൽ ഗവേഷണ മേഖലയിലുള്ള മറ്റ് പ്രബന്ധങ്ങളുമായി താരതമ്യം ചെയ്ത് പ്ലേജിയറിസം പരിശോധിക്കുന്നതിന് ഇംഗ്ലീഷിൽ തന്നെ പ്രബന്ധം സമർപ്പിക്കേണ്ടിയിരിയ്ക്കുന്നു എന്ന വസ്തുത പരിഗണിച്ചും,
3. പ്രബന്ധങ്ങൾ മലയാള ഭാഷയിൽ തയ്യാറാക്കുന്നരീതി അവലംബിക്കുന്ന പക്ഷം ഗവേഷണ മേഖലയിൽ മലയാള ഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് മാത്രമേ ആയത് റഫറൻസിനായി ഉപയോഗിക്കുവാൻ കഴിയുകയുള്ളു എന്ന പരിമിതി മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നുള്ള ഗവേഷണ പ്രബന്ധങ്ങൾക്ക് വന്നു ചേരും എന്നത് പരിഗണിച്ചും,

ഗവേഷണ പ്രബന്ധം മലയാളത്തിൽ തയ്യാറാക്കി സമർപ്പിക്കുവാൻ അനുമതി തേടിക്കൊണ്ട് ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കൺവീനർ, ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ
2. ഡയറക്ടർ ഓഫ് റിസർച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല
3. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4.രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ മാർ
5. ACC-1
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

Draft #2 of File 95337/AC A15-1/2024/AC A15 Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Mar-2025 11:30 AM - Page 2